സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളെ മാനിക്കാതെ പാവപ്പെട്ട ഫുട്പാത്തു കച്ചവടക്കാരുടെ നേരെ മുനിസിപ്പൽ അധികൃതരുടെയും പോലീസുക്കാരുടെയും ക്രൂരമായ നടപടികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് വിവരിക്കുവാൻ പ്രയാസവുമാണ്. ഇത്തരം ഗുരുതരമായ സ്ഥിതിവിശേഷത്തിന് അറുതി വരുത്താനും സുപ്രീംകോടതിയുടെ നിർദ്ദേശം നടപ്പിൽ വരുത്താനും വേണ്ട സത്വരനടപടി എടുക്കുവാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. സുപ്രീംകോടതി വിധിയുടെ പകർപ്പ് ഹാജരാക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ യാതൊരു 'ഗുരുതരവും' ഇല്ല. ഫുഡ്പാത്തിൽ കച്ചവടം നടത്തുന്നതുകൊണ്ട് ജനങ്ങൾക്ക് നടക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട അവുക്കാദർക്കുട്ടി നഹ വളരെയധികം ശ്രമിച്ചിട്ടും അത് തീർക്കുവാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവരെ വിളിച്ച് കൂട്ടിയിട്ട് അനുരഞ്ജനത്തിൽ എത്തിയില്ല. അവർ ഹൈക്കോടതിയിൽ പോയി. അപ്പോഴും അവർക്ക് അനുകൂലമായ തീരുമാനമുണ്ടായില്ല. പിന്നെ അവർ സുപ്രീംകോടതിയിൽ പോയി; തീരുമാനമുണ്ടായി. സുപ്രീം കോടതിയുടെ തീരുമാനം ഇപ്രകാരമാണ്. We are informed that two Buildings are under construction for Belmouth Shopping Centre and Jaihind Market Complex at the instance of the Trichur Municipality, we hope that if, after providing accommodation to the displaced persons of that locality, any rooms are available in those two constructions, those would be offered to the petitioners or such of them as could be accommodated in such rooms at the current market rental. As regards those who may not be accommodated in those two buildings, the Municipality will offer them accommodation in Sakthan Thamurban Market and the Municipality will make that accommodation usable by providing necessary facilities. It is clarified that the eviction of the petitioners from the footpath is not dependant upon providing accommodation to them as indicated above. ഈ ജഡ്ജ്മെൻറിൽ പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ നടത്തികൊണ്ടിരിക്കുകയാണ്.

(12) പടിഞ്ഞാറെക്കല്ലടയിലെ കൃഷിനാശം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, അഷ്ടമുടി കായലിനോട് അടുത്തുകിടക്കുന്ന സ്ഥലമാണ് പടിഞ്ഞാറേക്കല്ലട പഞ്ചായത്ത്. കഴിഞ്ഞ അഞ്ചുമാസമായി ഉപ്പുവെള്ളം കയറി 18,000 പറ നിലം വെള്ളത്തിനടിയിലായിട്ടുണ്ട്. അയ്യായിരത്തോളം കൃഷിക്കാർക്ക് കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യമാണ് അവിടെ ഉള്ളത്. അവിടെ പ്രധാനപ്പെട്ട മൂന്ന് കല്ലുകുണ്ട്. വെട്ടിയറോഡ്, വളഞ്ഞവരമ്പ്, മുക്കേനിക്കര. ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് എല്ലാ വർഷവും തുലാം മാസം അവസാനത്തെ ആഴ്ചയിൽ സുരക്ഷിതമായി ബണ്ട്കെട്ടി ഉപ്പു വെള്ളം തടയുന്ന ഒരു ഏർപ്പാടുണ്ട്. ഇപ്പോൾ അഞ്ചുമാസമായി നിർബ്ബാധം ഉപ്പുവെള്ളം കയറുകയാണ്. കൃഷിയിറക്കാൻ കഴിയാതെ അയ്യായിരത്തോളം കൃഷിക്കാർ വലയുകയാണ്. കൊല്ലം ജില്ലയുടെ നെല്ലറയാണ് പടിഞ്ഞാറേക്കല്ലട. മന്ത്രി ഇത് നിഷേധിക്കരുത്; ഇതിനെപ്പറ്റി അനേഷിക്കണം. കൃഷിക്കാർക്ക് സഹായം എത്തിക്കുന്നതോടൊപ്പം പടിഞ്ഞാറേക്കല്ലടയിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly